# കേരള സർക്കാർ

## സംഗ്രഹം

സൈനിക ക്ഷേമ വകുപ്പ് -കേരള സംസ്ഥാന മിലിട്ടറി ബെനവലന്റ് ഫണ്ട് - സ്കീമുകളുടെ വ്യവസ്ഥകളിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സൈനിക ക്ഷേമ (എ)വകുപ്പ്

**സ.ഉ(കൈ)നം.10/2022/സൈ.ക്ഷേ.വ** **തീയതി, തിരുവനന്തപുരം:25.02.2022**

---

പരാമർശം: - 1. 01.12.2004 ലെ സ.ഉ(കൈ)നം.350/2004/പൊ.ഭ.വ.
2. 28.09.2018 ലെ സ.ഉ(കൈ)നം.205/2018/പൊ.ഭ.വ.
3. 19.10.2019 ലെ സ.ഉ(കൈ)നം.29/2019/സൈ.ക്ഷേ.വ.
4. 07.10.2021 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന രാജ്യ സൈനിക ബോർഡ് യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.
5. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 02.12.2021-ലെ ബി-2/88588/2021/ഡി.എസ്.ഡബ്ല്യൂ നമ്പർ കത്ത്.

## ഉത്തരവ്

07.10.2021-ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന രാജ്യ സൈനിക ബോർഡ് യോഗത്തിൽ സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന രണ്ട് സ്കീമുകളുടെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിന് തീരുമാനമെടുത്തിരുന്നു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സൂചന 5 പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു. സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന ചുവടെ ചേർത്തിട്ടുള്ള രണ്ട് സ്കീമുകളുടെ വ്യവസ്ഥകളിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ. നം | പദ്ധതി | നിലവിലുള്ള നിരക്കും ബന്ധപ്പെട്ട സർക്കാർ ഉത്തരവും | 07.10.2021 ലെ രാജ്യ സൈനിക ബോർഡ് യോഗതീരുമാന പ്രകാരമുള്ള ഭേദഗതി |
|---|---|---|---|
| 1. | Financial Assistance to the Blind Ex-servicemen / Blind | അന്ധരായ വിമുക്തഭടന്മാർക്ക് / വിധവകൾക്ക് / വിമുക്തഭടന്മാരുടെ | അന്ധരായ വിമുക്തഭടന്മാർക്ക് / |

| | | | |
|---|---|---|---|
| | widows of Ex-servicemen / Blind Wives & Blind dependent children of Ex-servicemen<br>ചട്ടം 10 (ബി) | ഭാര്യമാർ / ആശ്രിതരായ മക്കൾ എന്നിവർക്ക് പ്രതിമാസം 1000/- രൂപയും പെൻഷൻ ലഭിക്കാത്തവർക്ക് 3000/- രൂപയും പ്രതിമാസം നൽകുന്നു. (28.09.2018 ലെ സ.ഉ(കൈ)നം.205/2018/പൊ.ഭ.വ) | വിധവകൾക്ക് / വിമുക്തഭടന്മാരുടെ ഭാര്യമാർ / ആശ്രിതരായ മക്കൾ എന്നിവർക്ക് പ്രതിമാസം 2000/- രൂപയും പെൻഷൻ ലഭിക്കാത്തവർക്ക് 4000/- രൂപയായും വർദ്ധിപ്പിച്ചു. |
| 2. | Financial Assistance to the Children of Ex-servicemen attending SET, NET, JRF, ICWA, Civil Exam (Rule 10 L) | വാർഷിക വരുമാനം 5,00,000/- രൂപയിൽ താഴെയുള്ള വിമുക്തഭടന്മാരുടെ മക്കൾക്ക് വിവിധ മത്സര പരീക്ഷകളായ എസ്.ഇ.ടി, എൻ.ഇ.ടി, ജെ.ആർ.എഫ്, ഐ.സി.ഡബ്ല്യൂ.എ, സി.എ, സിവിൽ സർവ്വീസസ് മുതലായ പരീക്ഷകൾക്കുള്ള പരിശീലന ക്ലാസ്സുകൾക്ക് 35,000/- രൂപ ഒറ്റത്തവണ സാമ്പത്തിക സഹായം നൽകുന്നു<br>(19.10.2019 ലെ സ.ഉ(കൈ)നം.29/2019/ സൈ.ക്ഷേ.വ) | പുതുതായി നിലവിൽ വന്ന (KAS) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസസ് പരീക്ഷയുടെ പരിശീലനവും ഉൾപ്പെടുത്തുന്നു. |

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ജയശ്രീ.എം**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്,

1. ഡയറക്ടർ , സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
4. എല്ലാ ജില്ലാ സൈനിക ക്ഷേമ ഓഫീസർമാർക്കും (ഡയറക്ടർ മുഖാന്തിരം)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ